ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. DTETVM/2686/2025-ACB1 (ACB തീയതി:26-03-2025

**പരിപത്രം**

വിഷയം:-സാങ്കേതിക വിദ്യാഭ്യാസം -കീം 2025 . CBT-പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രമീകരണങ്ങൾ നടത്തുന്നത് -സംബന്ധിച്ച്

സൂചന :- എൻട്രൻസ് കമീഷണറേറ്റിൽ നിന്നും ലഭ്യമായ കത്ത് നം . CEE/748/2024/TA 4- Part(1) തീയതി 20/03/2025

മേൽ സൂചന പ്രകാരം 2025 ഏപ്രിൽ 22 മുതൽ 30 വരെയുള്ള തീയതികളിൽനടത്തുവാൻ തീരുമാനിച്ചിരിക്കുന്ന എഞ്ചിനീയറിങ് ,ഫാർമസി കംപ്യൂട്ടർ അധിഷ്ധിത പരീക്ഷയുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ് ,സി-ഡിറ്റ് എന്നിവ മുഖേന 2025 കീം ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ എഞ്ചിനീയറിങ്/പോളിടെക്നിക് കോളേജുകളിലെയും കംപ്യൂട്ടർ ലാബുകൾ ,ഹാൾ തുടങ്ങിയവയിൽ 20/04/2025 മുതൽ 30/04/2025 വരെ മറ്റു പരീക്ഷകൾ /പരിപാടികൾ സജ്ജീകരിക്കാൻ പാടില്ലാത്തതും KEAM CBT പരീക്ഷയ്ക്ക് വേണ്ടുന്ന എല്ലാ സജ്ജീകരണങ്ങളും ക്രമീകരിച്ച് നൽകണമെന്നും കീം പരീക്ഷാപ്രവർത്തനങ്ങളുമായി എല്ലാ തരത്തിലും സഹകരിക്കണമെന്നും സ്ഥാപനമേധാവികൾക്ക് നിർദേശം നൽകുന്നു.സൂചനയിലെ കത്തിന്റെ പകർപ്പ് ഇതോടൊപ്പം നല്കുന്നു

ഉള്ളടക്കം : മേൽ പ്രസ്താവിച്ചത്

വിശ്വസ്തതയോടെ

ഡോ . ഷാലിജ് . പി . ആർ

സാങ്കേതിക വിദ്യാഭ്യാസ
ഡയറക്ടർ

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും

Signed by
Shalij P R
Date: 26-03-2025 21:58:07

**അടിയന്തിരം**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

OFFICE OF THE DIRECTOR OF TECHNICAL EDUCATION
21 MAR 2025
THIRUVANANTHAPURAM-23.

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്
ഫോൺ നം: 0471 2518213
ഇമെയിൽ: hedngdept123@gmail.com

നമ്പർ.G3/73/2025-HEDN

18-03-2025,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം
3. ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE), വള്ളക്കടവ് പി ഒ, തിരുവനന്തപുരം
4. രജിസ്ട്രാർ, കേരള സർവകലാശാല, തിരുവനന്തപുരം.
5. രജിസ്ട്രാർ, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം.
6. രജിസ്ട്രാർ, കാലിക്കറ്റ് സർവകലാശാല, തേഞ്ഞിപ്പാലം, മലപ്പുറം.
7. രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി-22.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസം - കീം 2025 - കമ്പ്യൂട്ടർ അധിഷ്ഠിത (CBT) എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ - പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- പ്രവേശന പരീക്ഷാ കമ്മീഷണറുടെ 15.03.2025 ലെ സിഇഇ/748/2024-TA4-Part(1) നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം 2025 ലെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള കീം 2025 കമ്പ്യൂട്ടർ അധിഷ്ഠിത (CBT) പരീക്ഷ നടത്തുന്നതിനായി എല്ലാ സർക്കാർ, എയ്ഡഡ്, സ്വയംഭരണ, സ്വകാര്യ സ്ഥാപനങ്ങളും കീം പരീക്ഷയുമായി സഹകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
**ASHA A K**
**DEPUTY SECRETARY**
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Gopakumar C R
Date: 18-03-2025 16:57:06
സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

നം.സി.ഇ.ഇ/748/2024-TA4-Part(1) തീയതി : 20-03-2025

**പ്രവേശന പരീക്ഷാ കമ്മീഷണർ**

**ഡയറക്ടർ**
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഫോർട്ട് പി.ഒ.
തിരുവനന്തപുരം

സർ,

വിഷയം:- പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം-കീം 2025-CBT - പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രമീകരണം നടത്തുന്നത്-സംബന്ധിച്ച്

സൂചന:- 1. 30.10.2024 തീയതിയിലെ സർക്കാർ കത്ത് നം.G3/258/2024/ഉ.വി.വ.

2. 02.11.2024 തീയതിയിലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷകൾ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷയായി 2025 ഏപ്രിൽ 22 മുതൽ 30 വരെയുള്ള തീയതികളിൽ നടത്തുവാൻ സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത പരീക്ഷ 2025 ഏപ്രിൽ 22 മുതൽ 30 വരെയുള്ള തീയതികളിൽ ക്രമീകരിച്ചിരിക്കുന്നുവെന്നും KEAM പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ മേൽ തീയതികളിൽ മറ്റു പരീക്ഷകൾ ക്രമീകരിക്കരുതെന്നും സൂചന (2) പ്രകാരം താങ്കളുടെ കാര്യാലയത്തിനെ അറിയിച്ചിരുന്നു. ഒരു ലക്ഷത്തിലധികം അപേക്ഷകരുള്ള എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് എത്തിച്ചേരുന്ന വിദ്യാർത്ഥികൾക്ക് യാതൊരുതരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അതിനാൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ്, സി-ഡിറ്റ് എന്നിവ മുഖേന 2025 കീം ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട താങ്കളുടെ കീഴിലുള്ള എഞ്ചിനീയറിംഗ് ,പോളിടെക്നിക് സ്ഥാ പനങ്ങളിലെ കമ്പ്യൂട്ടർ ലാബുകൾ, ഹാൾ തുടങ്ങിയവയിൽ

20.04.2025 മുതൽ 30.04.2025 വരെ മറ്റു പരീക്ഷകൾ/പരിപാടികൾ സജ്ജീകരിക്കാൻ പാടില്ലാത്തതും, KEAM CBT പരീക്ഷയ്ക്ക് വേണ്ടുന്ന എല്ലാ സജ്ജീകരണങ്ങളും ക്രമീകരിച്ചു നൽകുവാനും, കീം പരീക്ഷാ പ്രവർത്തനങ്ങളുമായി എല്ലാതരത്തിലും സഹകരിക്കുന്നതിനുമുള്ള നിർദ്ദേശം എല്ലാ പരീക്ഷാകേന്ദ്രങ്ങൾക്കും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Arun S Nair
Date: 20-03-2025 17:42:13

**പ്രവേശന പരീക്ഷാ കമ്മീഷണർ**